1. പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി - കോട്ടയ്ക്കൽ.
2. മലബാറി ആടുകളുടെ പ്രജനനം - തൊടുപുഴ
3. പന്നി വളർത്തൽ - പാലാ.
4. സ്കൂളുകളിലെ ആട്ടു വളർത്തൽ പദ്ധതി - കൊടുങ്ങല്ലൂർ.
5. കിടാരി വളർത്തൽ പദ്ധതി-പത്തനാപുരം, ചെങ്ങന്നൂർ, തൊടുപുഴ, പാലാ, കോട്ടയ്ക്കൽ, കൽപ്പറ്റ, നാദാപുരം, കുത്തുപറമ്പ്.

(ബി) ഉണ്ട്. സംസ്ഥാന കൃഷി വകുപ്പ് മാസം തോറും നടത്താറുള്ള അവലോകന യോഗത്തിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. 2013-14-ലും, 2014-15-ലും തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളിൽ മണ്ഡലതല മീറ്റിംഗുകൾ കൂടുകയും പദ്ധതികൾ തയ്യാറാക്കി വരുകയും ചെയ്യുന്നു. മീറ്റിംഗ് നടക്കാത്ത മണ്ഡലങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ പ്രതിമാസ യോഗത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ധനപരവും ഭൗതികവുമായ പുരോഗതി വിലയിരുത്തി വരുന്നു.

(സി) മണ്ഡലങ്ങളിൽനിന്നും സമർപ്പിക്കുന്ന പദ്ധതികളിൽ പുതിയ പരിപാടികൾ ഉൾപ്പെടുത്തുന്ന പക്ഷം ആയതുംകൂടി പരിഗണിക്കുന്നതാണ്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ

241 (1680) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പാക്കുന്ന കാർഷിക വികസന പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എന്ത തുകയുടെ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ ;

(സി) ഏത് ഏജൻസിവഴി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോർട്ടികൾച്ചർ വിളകളുടെ വിത്തുമുതൽ വിപണിവരെയുള്ള ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ. ഹോർട്ടിക്കൾച്ചർ വിളകളുടെ ഉണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും, ഉല്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുക, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, സംയോജിത സസ്യസംരക്ഷണ മുറകൾ നടപ്പിലാക്കുക, സംരക്ഷിത കൃഷി നടപ്പിലാക്കുക ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പാനന്തര പരിപാലനം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം, ഉല്പന്നങ്ങളുടെ ഉണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ് പാക്കിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മാനവവിഭവശേഷി വികസനം എന്നിവയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കുവപ്പട്ട, ഗ്രാമ്പ്, കശുമാവ്, കൊക്കോ, പുഷ്പങ്ങൾ എന്നീ വിളകളാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ കൂൺ കൃഷിയും, തേനീച്ച വളർത്തലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 100.2396 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള മുഖാന്തരമാണ് കേരളത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നത്.

മുട്ട, പഴം, പച്ചക്കറി, കോഴിയിറച്ചി എന്നിവയുടെ ഉപഭോഗം

242 (1681) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-2014 വർഷത്തിൽ സംസ്ഥാനത്ത് ആളോഹരി അനുപാതംവച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് ആവശ്യമായി വന്നതും, സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെട്ടതും, അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നും കൊണ്ടുവന്നതുമായ മുട്ട, പഴം, പച്ചക്കറി, കോഴിയിറച്ചി എന്നിവയുടെ കണക്ക് ഓരോന്നും ഇനം തിരിച്ച് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly